# പുതുക്കോട്
# ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ
# 2025

# ആമുഖം

ഗ്രാമപഞ്ചായത്ത് ഓഫീസ്, പുതുക്കോട്

മാന്യരെ,

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയെ തുടർന്ന് നമ്മുടെ രാജ്യത്ത് പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരികയുണ്ടായി. കേരളത്തിൽ പഞ്ചായത്ത് രാജ് നിയമം കൂടി പ്രാബല്യത്തിൽ വന്നതോടെ പ്രാദേശിക സർക്കാരായി മാറിക്കഴിഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് വിപുലമായ അധികാരവും സമ്പത്തും ലഭ്യമാകുകയുണ്ടായി. സാധാരണക്കാരുൾപ്പടെ സമൂഹത്തിന്റെ നാനാതുറയിലുള്ള ആളുകൾ നിരവധി ആവശ്യങ്ങൾക്കായി ഇന്ന് പഞ്ചായത്തിനെ ആശ്രയിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 272 എ വകുപ്പ്, ഒരു പൗരന് ഗ്രാമപഞ്ചായത്തിൽനിന്നും എന്തെല്ലാം സേവനങ്ങൾ ലഭിക്കുമെന്നും, ആയതിന് എത്ര ഫീസ് ഒടുക്കണം, എന്തെല്ലാം രേഖകൾ ഹാജരാക്കണം, എന്നു ലഭിക്കും എന്നു തുടങ്ങിയ വിവരങ്ങൾ കാണിച്ച് പൗരാവ കാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും കാലാനുസൃതമായി പുതുക്കുകയും ചെയുണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2009ൽ പ്രസിദ്ധീകരിച്ച് തുടർന്നുവന്ന പരാവകാശ രേഖ മുന്നനുഭവങ്ങളുടെയും സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെട്ടതിന്റേയും അടിസ്ഥാന ത്തിലും കൂടുതൽ ജനാഭിലാഷങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജനക്രേന്ദീകൃതമായി പ്രവർത്തി കണമെന്ന നിശ്ചയദാർഢ്യത്തിന്റേയും പശ്ചാത്തലത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന തിനുള്ള സമയപരിധി പരമാവധി കുറച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ സേവനം നൽകുക എന്ന ലക്ഷ്യം വെച്ചുകൊണ്ടും പുതുക്കോട് ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശ രേഖ 2025 ൽ സമഗ്രമായിപരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയാണ്.

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും പൊതു സമൂഹത്തിന്റെ സഹകരണത്തോടെയും പഞ്ചായത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും മാതൃകാപരമായി ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നിർവ്വഹിക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന പൗരാവകാശരേഖക്കനുസൃതമായി പ്രവർത്തിക്കുമെന്ന് ഭരണസമിതിക്കുവേണ്ടി ഉറപ്പുതരുന്നു.

ഭരണസമിതിക്കുവേണ്ടി,

ശ്രീമതി. ഐ.ഹസീന ടീച്ചർ
പ്രസിഡന്റ്

# ഗ്രാമപഞ്ചായത്ത് ഭരണസമിതി 2020– 2025

പ്രസിഡന്റ്:

1. ഐ.ഹസീന ടീച്ചർ : വാർഡ് 7

വൈസ് പ്രസിഡന്റ്

2. കെ.കെ.രാജേന്ദ്രൻ മാസ്റ്റർ : വാർഡ് 5

വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

3. നസീമ സിറാജുദ്ദീൻ : വാർഡ് 13

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

4. എം.എൻ.റഫിക്ക് : വാർഡ് 8

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

5. കെ.കെ.സുനിതകുമാരി : വാർഡ് 1

അംഗങ്ങൾ

| | | |
|---|---|---|
| 6. സുമ.എസ് | : | വാർഡ് 2 |
| 7. എസ്.പുഷ്പ | : | വാർഡ് 3 |
| 8. സുകന്യ.കെ | : | വാർഡ് 4 |
| 9. സുഹറ ടിച്ചർ | : | വാർഡ് 6 |
| 10.ശ്രീജിത്ത് ആർ | : | വാർഡ് 9 |
| 11.കെ.രാജൻ | : | വാർഡ് 10 |
| 12. ബരിനീഷ്.ബി | : | വാർഡ് 11. |
| 13. കെ.ഉദയൻ | : | വാർഡ് 12 |
| 14. പ്രസന്ന ദാസൻ | : | വാർഡ് 14 |
| 15. ദിവ്യ വി.എം | : | വാർഡ് 15 |

## പുതുക്കോട് ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1) ഷെമി മുഹ്സിന. എം. | : | കൃഷി ഓഫീസർ |
| 2) ഡോ. അനുശ്രീ | : | വെറ്ററിനറി സർജൻ |
| 3) ഡോ. ആദിൽ മുഹമ്മദ് | : | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 4) ഡോ. ദിവ്യ എം യോഹന്നാൻ | : | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 5) ഡോ.സീമ ആന്റണി | : | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 6) ശ്രീ.സുവിൻ. എസ് | : | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 7) ശ്രീമതി. സുസ്മി. എസ്. | : | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 8) ശ്രീമതി. ടിന്റു. എൻ.വി | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| 9) ശ്രീമതി.സിന്ധു | : | ഹെഡ്മാസ്റ്റർ |
| 10) ശ്രീ. ഷാജി ജെ | : | സെക്രട്ടറി |

## ഗ്രാമപഞ്ചായത്തിന്റെ സ്ഥാപനങ്ങളും വിലാസവും

| | |
|---|---|
| 1 പഞ്ചായത്ത് ഓഫീസ് | ഫോൺ : 04922-266227<br>e mail: ddpputhucodepkd@gmail.com |
| 2 കൃഷിഭവൻ പുതുക്കോട് | ഫോൺ : 9605384117<br>e mail: krishibhavanputhucode@gmail.com |
| 3. മൃഗാശുപ്രതി പുതുക്കോട് | ഫോൺ : 9995088677<br>e mail: mathewkishore@kerata.gov.in |
| 4. ആയുർവേദ ആശുപ്രതി പുതുക്കോട് | ഫോൺ : 9847032638<br>e mail: gadputhucode@gmail.com |
| 5. ജി.എൽ.പി.സ്കൂൾ | ഫോൺ 9387353567<br>e mail: hmgmlpsputhucode@gmail.com) |
| 6. ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഫോൺ 9562186195<br>e mail: icdsalathuradditional@gmail.com |
| 7. എഞ്ചിനീയറിംഗ് വിഭാഗം | ഫോൺ 9496290410<br>e mail: aelsgdpathucode@gmail.com |
| 8. എഫ്.എച്ച്.സി.പുതുക്കോട് | ഫോൺ<br>e mail: fhcputhucode@gmail.com |
| 9. ബ്ലോക്ക് ഓഫീസ് ആലത്തൂർ | ഫോൺ 0492 2273394<br>e mail: bdoalathur@gmail.com |
| 10. ജില്ലാ പഞ്ചായത്ത് പാലക്കാട് | ഫോൺ 0491 2505225<br>e mail: – dptpkd@gmail.com |
| 11. ജില്ല ജോ.ഡയറക്ടർ &<br>പഞ്ചായത്ത് അസി.ഡയറക്ടർ | ഫോൺ 0491 2505199<br>e mail: ddppkd1@gmail.com |
| 12. വി.ഇ.ഒ | ഫോൺ 9496292722<br>e mail: – veooffice puthucode@gmail.com |
| 13. ഹോമിയോ ആശുപ്രതി | ഫോൺ 9567637440<br>e mail: homeodispensaryputhucode@kerala.gov.in |

## തപാലുകൾ അയക്കേണ്ട ഇ - മെയിൽ വിലാസം

| വിഷയം | ഇ മെയിൽ വിലാസം |
|---|---|
| മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചവ | wm.jdlsgdpkd@gmail.com |
| പദ്ധതി പ്രവർത്തനം | plan.jdlsgdpkd@gmail.com |
| അച്ചടക്ക നടപടിയുടെ ഭാഗമായുള്ളവ | vigilance.jdlsgdpkd@gmail.com |
| ജീവനക്കാരും, സെക്രട്ടറിമാരുടെ ശമ്പളബില്ലുകൾ തുടങ്ങിയവ സംബന്ധിച്ച് | estt.jdlsgdpkd@gmail.com |
| തെരഞ്ഞെടുപ്പ് സംബന്ധമായവ | election.lsgdpkd@gmail.com |
| മേൽപറഞ്ഞവയല്ലാത്ത മറ്റു വിഷയങ്ങൾ, പൊതുവായ കാര്യങ്ങൾ തുടങ്ങിയവ | jdlsdpkd1@gmail.com |

## 1999ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം അനുസരിച്ചുള്ള ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ (വകുപ്പ് 166 (1)

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും സംരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും, കയ്യൊഴിയുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കുന്നത് ക്രമീകരിക്കുക.
7. പേമാരി മൂലം ഉണ്ടാകുന്ന വെള്ളം ഒഴുക്കികളയുക.
8. പരിസ്ഥിതി ആരോഗ്യകരമായി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമികരോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം എളുപ്പത്തിൽ കേടുവരുന്ന മറ്റു ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന മുതലായവ നിന്ത്രിക്കുക.
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും പൊതുമുതലുകളും സംരക്ഷിക്കുക.
15. തെരുവുവിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയ്രന്തണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.
18. ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുക,
20. ജനനവും മരണവും വിവാഹവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടേയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നിയന്ത്രിയ്ക്കുകയും ചെയ്യുക.

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 18 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | * 60വയസ്സിനുമുകളിൽ പ്രായം കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത് (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>* മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്നു വർഷമായി കേരളത്തിൽ സ്ഥിര താമസക്കാരാകണം<br>* വൃദ്ധ സദനത്തിലോ ശരണാലയത്തിലോ, അന്തേവാസിയാവരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.<br>* പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ അവരുടെ സംരക്ഷണ മില്ലാത്തവരായിരിക്കണം.<br>* നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ☐<br>* പ്രായം തെളിയിക്കുന്നതിന് ജനനസർട്ടിഫിക്കറ്റ് /സ്കൂൾ സർട്ടിഫിക്കറ്റ് /പാസ്പോർട്ട് /ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ എതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇവ ലഭ്യമല്ലെങ്കിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സാക്ഷ്യപത്രമോ ഹാജരാക്കണം.<br>* സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>* തിരിച്ചറിയൽ രേഖ ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആധാർകാർഡ്<br>* 2000 ച.അടിയിൽ കൂടുതൽ വലിപ്പമുള്ള വീട് ആവരുത്, 1000 cc കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങൾ ഉണ്ടാവരുത്, ഉപജീവനത്തിനുള്ള ടാക്സി യുള്ള വാഹനം അനുവദനീയമാണ്,<br>* 2 എക്കറിൽ കൂടുതൽ സ്ഥലംഉണ്ടാവരുത് | അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസത്തിനകം അപേക്ഷകനേ/യൊ വിവരം അറിയിക്കും<br><br>അപ്പലേറ്റ്അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ |
| 19 | അഗതി പെൻഷൻ വിധവകൾക്കും ഭർത്താവ് ഉപേക്ഷി ച്ച് 7 വർഷം കഴി ഞ്ഞ് 50 വയസ് തികഞ്ഞതുമായ വനിതകൾ | കുടുംബവാർഷികവരുമാനം 1 ലക്ഷം രൂപ യിൽ കവിയരുത്. (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>* മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത് രണ്ടു വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരാകണം<br>വൃദ്ധസദനത്തിലോ, ശരണാലയത്തിലോ | അന്വേഷണത്തിനും സ്റ്റാന്റംഗ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസത്തിനകം അപേക്ഷകനേ/യൊ വിവരം അറിയിക്കും |

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ,അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| | | **അന്തേവാസിയാവരുത് യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.**<br>• നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>• വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ, ഭർത്താവ് ഉപേക്ഷിച്ച് ഏഴ് വർഷം കഴിഞ്ഞവരെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഹാജരാ ക്കണം, വയസുതെളിയിക്കുന്ന രേഖ<br>• സ്ഥിര താമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്) (ഇലക്ഷൻ തിരിച്ചറിയൽകാർഡ്/ ആധാർകാർഡ്<br>• 2000 ച.അടിയിൽ കൂടുതൽ വലിപ്പമുള്ള വീട് ആവരുത്, 1000 C.C കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങൾ ഉണ്ടാവരുത്, ഉപജീവനത്തിനുള്ള ടാക്സിയുള്ള വാഹനങ്ങൾ അനുവദനീയമാണ്.<br>2 ഏക്കറിൽ കൂടുതൽ സ്ഥലം ഉണ്ടാവരുത് | അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ |
| 20 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, | • കുടുംബവാർഷികവരുമാനം 1 ലക്ഷം രൂപ യിൽ കവിയരുത് (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>• അർഹതാമാനദണ്ഡങ്ങൾക്കനുസൃത 2 പെൻഷന് അപേക്ഷിക്കാം<br>• സ്ഥിരതാമസം തെളിയിക്കുന്നരേഖ (റേഷൻ കാർഡ് /മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>• രണ്ടുവർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരാകണം.<br>• നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ.<br>• വയസ്സ് തെളിയിക്കുന്ന രേഖ<br>• തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് /ആധാർകാർഡ് (ഫോട്ടോപതിച്ച മറ്റെന്തെങ്കിലും രേഖകൾ.<br>• യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്.<br>• വികലാംഗത്വം തെളിയിക്കുന്ന രേഖ.<br>• അംഗവൈകല്യം ചുരുങ്ങിയത് 40% | അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസത്തിനകം അപേക്ഷകനെ അറിയിക്കും<br><br>അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ |

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ,അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 21 | കർഷക തൊഴിലാളി പെൻഷൻ | * കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>* മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്<br>* 60വയസ്സ് പൂർത്തിയായിരിക്കണം.<br>* പത്തുവർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരനാണെന്ന രേഖഹാജരാക്കണം<br>* വയസ്സ് തെളിയിക്കുന്ന രേഖ<br>* വൃദ്ധ സദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത് യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.<br>* നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം. സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻകാർഡ് /മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>* തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർകാർഡ്<br>* കർഷകതൊഴിലാളി ക്ഷേമനിധിയിൽനിന്നുള്ള വിടുതൽ സാക്ഷ്യപത്രം | അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം അപേക്ഷകനെ /യെ വിവരം അറിയിക്കും<br><br>അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ |
| 22 | 50 വയസ്സിനുമുകളിൽ പ്രയമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | * കുടുംബവാർഷികവരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്<br>* മറ്റുപെൻഷനുകൾ വാങ്ങുന്നവരാകരുത്<br>* 50 വയസ്സ് പൂർത്തിയായിരിക്കണം<br>* കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം<br>* അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാവുന്നതാണ്.<br>* വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത് യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.<br>* നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ.<br>* സ്ഥിരതാമസം തെളിയിക്കുന്നരേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്) | അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം അപേക്ഷകനെ /യെ വിവരം അറിയിക്കും |

## പുതുക്കോട് ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ,അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| | | • അവിവാഹിതയാണെന്നുള്ള വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br>• തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ ആധാർകാർഡ് /ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ<br>• വയസ്സ് തെളിയിക്കുന്ന രേഖ<br>• 2000 ച.അടിയിൽ കൂടുതൽ വലിപ്പമുള്ള വീട് ആവരുത്, 1000 C.C കൂടുതൽ എഞ്ചിൻ കപ്പാസിറ്റി യുള്ള വാഹനങ്ങൾ ഉണ്ടാവരുത്, ഉപജീവനത്തി നുള്ള ടാക്സിയുള്ള വാഹനങ്ങൾ അനുവദനീയ മാണ്. 2 എക്കറിൽ കൂടുതൽ സ്ഥലം ഉണ്ടാവരുത് | അപ്പലേറ്റ് അതോറിറ്റി ജില്ലാ കളക്ടർ |
| 23 | തൊഴിൽ രഹിത വേതനം | • വാർഷിക വരുമാനം 12,000 രൂപയിലും വ്യക്തിഗതവരുമാനം മാസം 100 രൂപയിലും അധികരിക്കരുത്.<br>• എസ്.എസ്.എൽ.സി പാസായിരിക്കണം,പട്ടികജാതി / പട്ടികവർഗ്ഗ വികലാംഗർ എന്നീ വിഭാഗക്കാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സിക്ക് ഹാജരായാലും പരിഗണിയ്ക്കും.<br>• പ്രായം 18 നും 35 നും ഇടയിലായിരിക്കണം<br>• എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക് 2 വർഷവും മറ്റുള്ള വർക്ക് 3 വർഷവും സീനിയോരിറ്റി വേണം.<br>• യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ പുനർ രജിസ്ട്രേ ഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം.<br>• നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ട് പകർപ്പുകൾ.<br>• എസ്.എസ്.എൽ.സി ബുക്ക്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ടിസി , വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.<br>• സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ് / മേൽവിലാസം തെളിയിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്<br>• തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർകാർഡ് (ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ) | അന്വേഷണം പൂർത്തിയാക്കി ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണ സമിതിയുടേയു തീരുമാനപ്രകാരം എംപ്ലോയ്മെന്റ് ഓഫീസർക്ക് അയക്കും. പാസ്സായി വരുന്ന മുറക്ക് അപേക്ഷ വെച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ അനുവദിച്ചു നൽകുന്നു.<br><br>അപ്പലേറ്റ് അതോറിറ്റി ജില്ലാ കളക്ടർ |

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ,അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 24 | സാധുക്കളായവിധവകളുടെപെൺ മക്കളുടെ വിവാഹത്തിനുള്ള ധനസഹായം | * വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയരുത്.<br>* വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷമായി കേരളത്തിൽ സ്ഥിരതാമസമായിരിക്കണം<br>* വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം.<br>* ആദ്യ വിവാഹമായിരിക്കണം.<br>* സ്വർണ്ണമുൾപ്പെടെ ആകെ സമ്പത്ത് 50000/ രൂപയിൽ കവിയരുത്.<br>* അപേക്ഷക പുനർവിവാഹം ചെയ്തിട്ടുണ്ടാവരുത്.<br>* നിർദ്ദിഷ്ഠ ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ട് പകർപ്പുകൾ.<br>* വിവാഹത്തിനു 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 1 വർഷം വരെ)<br>* അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ<br>* വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വയസ്സുതെളിയിക്കുന്ന രേഖ (സ്കൂൾ)<br>* മാതാപിതാക്കൾ മരണപ്പെട്ടാൽ പെൺകുട്ടി യുടെ രക്ഷിതാവിന് അപേക്ഷിക്കാവുന്നതാണ്.<br>* അപേക്ഷകയും മകളും പരേതന്റെ ഭാര്യയും മകളുമാണെന്ന രേഖ.<br>* വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ള കടലാസിൽ എഴുതിയ / അച്ചടിച്ച വരന്റെ സത്യവാങ്മൂലം | അന്വേഷണം പൂർത്തിയാക്കി ജില്ലാകളക്ടർക്ക് അയക്കുന്നു. പാസ്സായി വരുന്ന മുറയ്ക്കും ഫണ്ട് ലഭിക്കുന്ന മുറയ്ക്കും നൽകുന്നു. |
| 25 | കെട്ടിട നിർമ്മാണം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) | * ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ. ഉദ്ദേശിക്കുന്നതും ഉൾപ്പെടെ 100M², (1080 Sq Ft) വരെ വിസ്തീർണ്ണമുള്ളതും രണ്ട് നിലയിൽ കവിയാത്തതുമായ ഏക കുടുംബ വാസഗൃഹം | പരമാവധി 15 ദിവസത്തിനകം |

## പുതുക്കോട് ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

* യുക്തമായ സാഹചര്യത്തിൽ ഇതിൽ പ്രതിപാദിക്കാത്ത രേഖകളോ വിശദാംശങ്ങളോ സെക്രട്ടറിക്കോ പഞ്ചായത്ത് ഭരണസമിതിക്കോ ആവശ്യപ്പെടാവുന്നതാണ്.

** സാധാരണ സാഹചര്യങ്ങളിൽ എല്ലാ രേഖകളും നിബന്ധനകളും പാലിക്കുന്ന പക്ഷം സേവനം ലഭ്യമാകുന്ന സമയക്രമമാണ് കാണിച്ചിരിക്കുന്നത്. അതിലും നേരത്തെ സേവനം നല്കാൻ പരമാവധി ശ്രമിക്കുന്നതാണ്. എങ്കിലും ഒഴിവാക്കാനാവാത്ത സാഹചര്യത്തിലും മേൽ ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മറ്റ് അടിയന്തിര ജോലികളുടെ നിർവ്വഹണ ഘട്ടത്തിലും സമയപരിധിയിൽ മാറ്റം വരുന്നതാണ്.

***എല്ലാ വിധത്തിലുമുള്ള അപേക്ഷാ ഫോറങ്ങളും പഞ്ചായത്ത് ഓഫീസിൽ ലഭ്യമാണ്. ആവശ്യക്കാർക്ക് അപേക്ഷകൾ തയ്യാറാക്കി നൽകുന്നതിനുള്ള സൗകര്യവും ഈ ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

### പഞ്ചായത്തിന് ലഭിക്കേണ്ട വിവിധ നികുതികൾ യഥാസമയം, അടയ്ക്കാതിരുന്നാലുണ്ടാകുന്ന പിഴപ്പലിശ വിവരങ്ങൾ

| ക്രമ നമ്പർ | നികുതി ഇനം | പിഴ പലിശ തിയ്യതി |
|---|---|---|
| 1 | ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിലുടമ /ഓഫീസ് മേധാവി വഴി ഉള്ളത് | സെപ്തംബർ 1 മുതൽ |
| 2 | 2. രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽമേധാവി/ ഓഫീസ് മേധാവി വഴി ഉള്ളത് | മാർച്ച് 1 മുതൽ |
| 3 | ഒന്നും രണ്ടും അർദ്ധവർഷ തൊഴിൽ നികുതി (ഇടപാട് നടത്തുന്നവരിൽ നിന്നും) | ഡിമാന്റ് നോട്ടീസിൽ നൽകിയിട്ടുള്ള തിയ്യതിക്ക് ശേഷം |
| 4 | വസ്തു നികുതി (കെട്ടിടനികുതി) 1-ാം അർദ്ധവർഷം | ഒക്ടോബർ 1 മുതൽ |
| 5 | വസ്തു നികുതി (കെട്ടിടനികുതി) 2-ാം അർദ്ധവർഷം | ഏപ്രിൽ 1 മുതൽ |
| 6 | ഇതര നികുതികൾ / ഫീസുകൾ | ഡിമാന്റ് നോട്ടീസിൽ നൽകിയിട്ടുള്ള തിയ്യതിക്ക് ശേഷം |

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വ്യാപാരവ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന മുഴുവൻ വ്യക്തികളും സ്ഥാപനങ്ങളും വർഷാരംഭത്തിന് മുമ്പോ, ഏപ്രിൽ 30ന് അകമോ നിയമപ്രകാരമുള്ള ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. പഞ്ചായത്ത് റിക്കാർഡിലുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്ത് വാങ്ങുമ്പോൾ കൈമാറ്റ തിയ്യതിക്കു ശേഷം 3 മാസത്തിനകം ഉടമസ്ഥത മാറ്റിയെടുക്കാത്ത പക്ഷം 500 രൂപ പിഴശിക്ഷക്ക് വിധേയനായിരിക്കുന്നതാണ്.

### ആരോഗ്യ നിർദ്ദേശങ്ങൾ

- ആഹാരശുചിത്വവും വ്യക്തിശുചിത്വവും പാലിക്കുക.
- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
- കിണറുകളും മറ്റും കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്ത് സംരക്ഷിക്കുക.
- മലമൂത്രവിസർജ്ജനം കക്കൂസുകളിൽ മാത്രം നടത്തുക.
- രണ്ടാഴ്ചയിലോ അതിൽ കൂടുതലോ നീണ്ടുനിൽക്കുന്ന ചുമ ഉള്ളവർ നിർബന്ധമായും കഫ പരിശോധന നടത്തിയിരിക്കണം.
- പുകവലി, മദ്യപാനം ഉപേക്ഷിക്കൂ..... ആരോഗ്യം നിലനിർത്തൂ...
- വ്യായാമം പതിവാക്കൂ .......... ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കൂ...
- ആഴ്ചയിൽ ഒരിക്കൽ കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കൂ. കൊതുകുജന്യരോഗങ്ങളെ തടയൂ

## കൃഷി ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ,അപേക്ഷിക്കേണ്ട വിധം, ഫീസ് |
|---|---|---|
| 1 | വളം, കീടനാശിനി വിൽക്കുന്നതിനുള്ള ലൈസൻസ് | • കൃഷി വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് കാലാകാലങ്ങളിലെ ഫീസ് ചെല്ലാൻ അടച്ച് നൽകുന്ന അപേക്ഷകൾ.<br>ഫീസ്<br>കീടനാശിനി - 350 രൂപ<br>വളം - 38 രൂപ<br>കൃഷി ജോയിന്റ് ഡയറക്ടർ അനുവദിക്കുന്ന മുറയ്ക്ക്. |
| 2 | കേരള കർഷകൻ മാസിക | വാർഷിക വരിസംഖ്യ 200 രൂപാ നിരക്കിൽ കൃഷിഭവനിൽ അടച്ച് വരിക്കാരനാകാം |

## ടെലിഫോൺ നമ്പറുകൾ

| | | |
|---|---|---|
| ഫെമി മുഹ്സിന. എം | കൃഷി ഓഫീസർ | - 9383471569 |
| അഞ്ജു ആർ | കൃഷി അസിസ്റ്റന്റ് | - 8248688986 |
| മുരളീധരൻ ആർ | കൃഷി അസിസ്റ്റന്റ് | - 9544878946 |
| വിദ്യ വി. | കൃഷി അസിസ്റ്റന്റ് | - 9746094496 |

# പുതുക്കോട് ഗ്രാമപഞ്ചായത്തിലെ അംഗൺവാടികൾ ICDS ഓഫീസ് മുഖാന്തിരം ലഭ്യമാകുന്ന സേവനങ്ങൾ

1. അന്നപൂർണ്ണ പോഷകാഹാരം
2. ആരോഗ്യ പരിശോധന
3. റഫറൽ സർവ്വീസസ്
4. ആരോഗ്യ പ്രതിരോധ കുത്തിവെയ്പ്പ് ചികിത്സ
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം

**ഗുണഭോക്താക്കൾ:**

* 6 വയസ്സിൽ താഴെയുള്ള കുട്ടികൾ
* ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
* കൗമാരക്കാരായ പെൺകുട്ടികൾ
* 18 - 45 വയസ്സിനിടയിലുള്ള സ്ത്രീകൾ

1. KMSY : ഗർഭിണികൾക്ക് പ്രസവ ധനസഹായം.
2. SABALA :കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ന്യൂട്രീഷൻ നോൺ ന്യൂട്രീഷൻ പ്രോഗ്രാം.
3. SSY : ഗവ. ഹൈസ്കൂളിൽ കൗമാരപ്രായക്കാരായപെൺകുട്ടികൾക്ക് സൗജന്യ കൗൺസിലിംഗ്.
4. THRS :ഗുണഭോക്താക്കൾക്ക് (മാനദണ്ഡങ്ങൾ അനുസരിച്ച) പോഷകാഹാര കിറ്റുകൾ നൽകുന്നു.
5. ICPS :കുട്ടികൾക്ക് എതിരെയുള്ള പീഡനം . .
   1. ജാഗ്രതാ കമ്മിറ്റി: സ്ത്രീകൾക്ക് എതിരെയുള്ള പീഡനം.

## പുതുക്കോട് ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന സേവനങ്ങൾ

**1. ആശ്വാസകിരണം:**

കിടപ്പ് രോഗിയെ പരിചരിക്കുന്നവർക്കുള്ള പെൻഷൻ പ്രതിമാസം 525 രൂപ.

**2. ക്യാൻസർ സുരക്ഷ:**

18 വയസ്സിന് താഴെയുള്ള ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ.

**3. താലോലം:**

18 വയസ്സിന് താഴെ, ഹൃദയം, നാഡി, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യം, എൻഡോസൾഫാൻ, സയാമിസ്, ശസ്ത്രക്രിയ തുടങ്ങിയവ കൊണ്ട് ബുദ്ധിമുട്ടുന്ന വർക്ക്.

**4. ശ്രുതിതരംഗം:**

5 വയസ്സുവരെ ശ്രവണ വൈകല്യമുള്ളവർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ (അഞ്ചര ലക്ഷം രൂപ വരെ)

**5. സ്നേഹപൂർവ്വം പദ്ധതി:**

മാതാപിതാക്കൾ, അഥവാ അവരിലൊരാൾ മരിച്ചുപോയാൽ കുട്ടികൾക്ക് അനുവദിക്കുന്ന ധനസഹായം.

**6. സ്നേഹസ്പർശം:**

ചൂഷണത്തിന് വിധേയരായ അവിവാഹിത അമ്മമാർക്ക് 1000 രൂപ

**7. വയോമിത്രം:**

വയോജനങ്ങളുടെ ക്ഷേമം

**8. വൈകല്യനിർണ്ണയം:**

മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്

**9. സമാശ്വാസം:**

ഡയാലിസിസ് ധനസഹായം

## പുതുക്കോട് ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രം മുഖേന ലഭ്യമാകുന്ന സേവനങ്ങൾ

### പ്രവർത്തന പരിധി:

പുതുക്കോട് ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ ഉൾപ്പെടുന്ന 7128 വീടുകളിലായി 23800 ജനസംഖ്യയുള്ള പ്രദേശത്തെ പ്രാഥമിക ചികിത്സാ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

### സ്ഥാപനം:

തച്ചനടി പഴയന്നൂർ റോഡിൽ വാർഡ് 10ൽ ചന്തപ്പുരയിൽ സ്ഥതിചെയ്യുന്നു.

**ഫോൺ:** 04922 267243

**ഇ-മെയിൽ :** fhcputhucode@gmail.com

| | |
|---|---|
| പ്രവർത്തന സമയം | : ഒ.പി. രാവിലെ 9 മുതൽ 1 മണി വരെ |
| രോഗ പരിശോധന | : വൈകീട്ട് ഒ പി 1 മണി മുതൽ 6 മണി വരെ<br>ചികിത്സ, മരുന്ന് വിതരണം, ലബോറട്ടറി സേവനങ്ങൾ |
| ഓഫീസ് സമയം | : രാവിലെ 10 മണി മുതൽ 5 മണി വരെ |

(കേരള സർക്കാർ കലണ്ടർ അവധികൾ ബാധകം)

## പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രം ജീവനക്കാരുടെ സ്ഥിതി വിവരം

| | | തസ്തിക | നിലവിൽ | റിമാർക്സ് |
|---|---|---|---|---|
| സ്ഥാപന മേധാവി | മെഡിക്കൽ ഓഫീസർ | 2<br>1 (LSGD) | 2<br>1 (LSGD) | |
| ഒ.പി.വിഭാഗം | സ്റ്റാഫ് നേഴ്സ് | 2 (LSGD) | 2 | |
| | ലാബ് ടെക്നീഷ്യൻ | 1 | 1 | |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 1 | |
| | ഹോസ്പിറ്റൽ അറ്റന്റർ | 1 | 1 | |
| | ഫാർമസിസ്റ്റ് | | 2 | |
| ഓഫീസ് വിഭാഗം | ക്ലർക്ക് | 1 | 1 | |
| | ഓഫീസ് അസിസ്റ്റന്റ് | 1 | 1 | |
| | പാർട്ട് ടൈം സ്വീപ്പർ | 1 | 0 | |
| ഫീൽഡ് വിഭാഗം | ജെ.എച്ച്.ഐ | 2 | 2 | |
| | ജെ.പി.എച്ച്.എൻ | 4 | 2 | |

# പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രം

## സേവനങ്ങൾ

| | |
|---|---|
| • പ്രാഥമികാരോഗ്യ കേന്ദ്രം<br>• പ്രാഥമിക രോഗ പരിശോധനകളും<br>• ചികിത്സയും മരുന്ന് വിതരണവും<br>• ലാബോറട്ടി സേവനങ്ങൾ (ഞായറാഴ്ച അവധി ദിവസങ്ങൾ ഒഴികെ) | എല്ലാ ദിവസവും |
| • മലമ്പനി, ഡെങ്കിപ്പനി, മഞ്ഞപിത്തം, ടൈഫോയ്ഡ് മുതലായ രോഗപരിശോധനകൾ, പ്രമേഹം കൊളസ്ട്രോൾ, ഗർഭധാരണം, ഹീമോഗ്ലോബിൻ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും |
| • ക്ഷയരോഗം, (ടി.ബി), കുഷ്ഠരോഗം, അന്ധതാ നിവാരണം, മന്ത്, പോളിയോ നിർമാർജ്ജനം, മറ്റു ദേശീയ ആരോഗ്യ പരിപാടികൾ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും |
| • പകർച്ചവ്യാധി നിയന്ത്രണ രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ | സമയാ സമയങ്ങളിൽ |
| • കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ | എല്ലാ ബുധനാഴ്ചയും ഉച്ചക്ക് 1 മണി വരെ |
| • പ്രമേഹ രക്തസമ്മർദ്ദ പരിശോധനയും മരുന്ന് വിതരണവും PHCയിൽ | എല്ലാ ദിവസവും |
| • സ്ഥിരവും താത്കാലികവുമായ കുടുംബക്ഷേമ മാർഗ്ഗങ്ങൾ | അർഹതപ്പെട്ടവർക്ക് യഥാസമയം |
| • തദ്ദേശസ്ഥാപന ആരോഗ്യ മേഖലാ പദ്ധതികൾ | പദ്ധതി കാലയളവുകളിൽ |
| • സ്കൂൾ ആരോഗ്യ പരിശോധന | അദ്ധ്യയന വർഷ കാലയളവിൽ |
| | |

| | |
|---|---|
| ഗർഭിണികൾക്കുള്ള ക്ലിനിക്ക് മെയിൻ സെന്റർ | എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് 1 മണി വരെ |
| ഉപകേന്ദ്രം തല പ്രതിരോധ കുത്തിവെയ്പ്പുകൾ | അതാത് മാസം നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ |
| പൊതുജനാരോഗ്യ പരിശോധനകൾ | ആവശ്യാനുസരണം |
| പരാതി പരിഹാരങ്ങൾ | പ്രത്യേക ഉത്തരവിൻ പടി |
| നേത്രരോഗ പരിശോധന | പ്രതിമാസം നിശ്ചിത ദിവസം |
| പാലിയേറ്റീവ് പരിചരണം | യഥാവിധം മുൻ നിശ്ചിത ദിവസം |
| കൗമാര കൗൺസിലിംഗ് | എല്ലാ ബുധനാഴ്ചകളിലും |

## ഇതര സേവനങ്ങളും വ്യവസ്ഥകളും

| | | |
|---|---|---|
| മെഡിക്കൽ സർട്ടിഫിക്കറ്റ് | അംഗീകൃത ഫീസും വേണ്ട രേഖകളുമായി വ്യക്തി നേരിട്ട് പരിശോധനക്കെത്തുക | എല്ലാ ദിവസവും ഒ.പിയിൽ 12 മണിക്ക് ശേഷം |
| ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് | പറഞ്ഞതിൻ പടി | തത്സമയം |
| പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | പ്രായം തെളിയിക്കുന്ന രേഖയുമായി വ്യക്തി നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം | തത്സമയം |
| അറ്റസ്റ്റേഷൻ സർട്ടിഫിക്കറ്റ് | ഒ.പി. സമയം കഴിഞ്ഞ് അസ്സൽ രേഖകൾ ഉള്ളവർക്ക് മാത്രം | തത്സമയം |
| സാനിട്ടറി സർട്ടിഫിക്കറ്റ് | ആവശ്യകത, കെട്ടിട നമ്പർ വിലാസം ഉൾപ്പെടെ അപേക്ഷ, സർക്കാർ ട്രഷറിയിൽ 190 രൂപ ഫീസൊടുക്കിയ ചലാൻ രശീത്, കുടിവെള്ള സാമ്പിൾ പരിശോധനാ ഫലം, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് | ആവശ്യമായ അന്വേഷണം നടത്തി 14 ദിവസത്തിനുള്ളിൽ |

| | | |
|---|---|---|
| പൊതുജനാരോഗ്യ പരാതികൾ | വ്യക്തമായ മേൽവിലാസം, പരാതിക്കിടയായ സാഹചര്യം ഇവ കാണിച്ച് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 7 ദിവസത്തിനുള്ളിൽ |
| ബ്ലീച്ചിംഗ് പൗഡർ, കുടുംബക്ഷേമ ഉപാധികൾ | ലഭ്യതയ്ക്കനുസരിച്ച് | പ്രവർത്തി സമയങ്ങളിൽ |

## ഉപകേന്ദ്രം സേവനങ്ങൾ

| | |
|---|---|
| ഗർഭിണികൾക്കുള്ള ക്ലിനിക്ക് (വെൽവുമൻ ക്ലിനിക്ക്) | എല്ലാ തിങ്കളാഴ്ചയും |
| രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ | എല്ലാ ബുധനാഴ്ചയും |
| ജീവിതശൈലീ രോഗനിർണ്ണയം ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും |
| ഗൃഹസന്ദർശനം, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ഉറവിട നശീകരണ മാലിന്യ നിയന്ത്രണ പ്രവർത്തനം | ഇതര പ്രവർത്തികളില്ലാത്ത ദിവസങ്ങളിൽ രാവിലെ 9 മുതൽ ഉച്ചക്ക് 12 മണി വരെ |
| ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ, കൗമാര കൗൺസിലിംഗ് പോഷണ ക്ലിനിക്ക് | ഉച്ചക്ക് 2 മുതൽ 12 വരെ നിശ്ചിത സ്ഥലങ്ങളിൽ |

## സ്ഥാപനതല അവലോകനങ്ങൾ

| | |
|---|---|
| ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി | ത്രൈമാസം |
| പ്രതിവാര പൊതുജനാരോഗ്യ അവലോകനം | എല്ലാ തിങ്കളും ഉച്ചകഴിഞ്ഞ് |
| പ്രതിമാസ പ്രവർത്തനാവലോകനം | എല്ലാ മാസവും അവസാന പ്രവർത്തനം 14 ദിവസം |
| ആശാ പ്രവർത്തക അവലോകനം | എല്ലാ മാസവും 10ാംമത് പ്രവർത്തി ദിവസം |
| പാലിയേറ്റീവ് മാനേജ്മെന്റ് കമ്പനി | ത്രൈമാസം |